നം.എം.4/19065/2018/ഡി.പി.ഐ

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം
തിരുവനന്തപുരം. തീയതി: 04.01.2019

## സർക്കുലർ

വിഷയം : പൊതുവിദ്യാഭ്യാസം - മഹാത്മാഗന്ധിയുടെ 70-ാം ചരമവാർഷികം സമുചിതമായി ആചരിക്കുന്നത് - സംബന്ധിച്ച്:-

സൂചന : 1) 29.01.2018 ലെ സ.ഉ.(എം.എസ്)നം.3/2018/സാം.ക.വ.

2) 11.03.2018 ലെ 14/സി.3/2018/സാം.ക.വ നമ്പർ സർക്കാർ കത്ത്.

*****

മഹാത്മാ ഗാന്ധിയുടെ രക്തസാക്ഷിത്വത്തിന്റെ 70-ാം വാർഷികം 2018 ജനുവരി 30 മുതൽ ഒരു വർഷക്കാലം നീണ്ടുനിൽക്കുന്ന വിവിധ പരിപാടികളോടെ ആചരിച്ചുവരികയാണ്. സാംസ്കാരിക വകുപ്പിന്റെ നേതൃത്വത്തിൽ "രക്തസാക്ഷിത്വത്തിന്റെ 70 വർഷങ്ങൾ" എന്ന പേരിൽ നടക്കുന്ന പ്രസ്തുത പരിപാടിയുമായി ബന്ധപ്പെട്ട് സ്കൂളുകളിൽ ചിത്ര രചന, കവിതാ രചന, പ്രസംഗ മത്സരം, പ്രബന്ധ മത്സരം തുടങ്ങിയവ സംഘടിപ്പിക്കേണ്ടതാണ്. ഗാന്ധിയൻ സന്ദേശങ്ങൾ വിദ്യാർത്ഥികളിലും പൊതുസമൂഹത്തിലും രൂഢമൂലമാകുന്നതിനുതകവും വിധമായിരിക്കണം പരിപാടികളുടെ സംഘാടനം.

2019 ജനുവരി 30ന് എല്ലാ സ്കൂളുകളിലും രക്തസാക്ഷ്യപ്രതിജ്ഞ ചൊല്ലേണ്ടതാണ്.

ജിമ്മി. കെ. ജോസ്
പൊതുവിദ്യാഭ്യാസ ഡയറക്ടർക്കുവേണ്ടി

സ്വീകർത്താവ്,

എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും,
ജില്ല-ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും,
എല്ലാ പ്രഥമാദ്ധ്യാപകർക്കും. (വിദ്യാഭ്യാസ ഓഫീസർമാർ മുഖാന്തിരം)

വി.സി.